പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2144 23.03.2012 ൽ മറുപടിയ്ക്ക്

പുറംപോക്കിൽ താമസിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തീരപ്രദേശത്ത് സർക്കാർ വക പുറംപോക്കിൽ താമസിക്കുന്നവർ തിരുവനന്തപുരം നഗരസഭാ അധികൃതർ നൽകിയ പാർപ്പിട സർട്ടിഫിക്കറ്റുകളുമായി വൈദ്യുതി കണക്ഷന് സമീപിച്ചപ്പോൾ വൈദ്യുത കണക്ഷനുവേണ്ടി സമർപ്പിച്ച അപേക്ഷകളിന്മേൽ കണക്ഷൻ നൽകാൻ ബന്ധപ്പെട്ട അധികൃതർ നടപടി സ്വീകരിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ പരാതിയുടെ വിശദാംശങ്ങളും അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ? | (ബി) വിഴിഞ്ഞം തീരപ്രദേശത്ത് സർക്കാർ വക പുറംപോക്കിൽ താമസിക്കുന്നവർ സൗജന്യ വൈദ്യുതി കണക്ഷൻ നൽകാനായി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, പ്രസ്തുത സ്ഥലം മത്സ്യഫെഡിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും അനധികൃതമായി നിർമ്മിച്ച വീടുകളിൽ മത്സ്യഫെഡിന്റെ അനുവാദമില്ലാതെ കണക്ഷനുകൾ നൽകരുതെന്നും കൂടാതെ ഇത്തരത്തിൽ ഇതുവരെ നൽകിയ കണക്ഷനുകൾ ഉടനടി വിച്ഛേദിക്കണമെന്നുമുള്ള മത്സ്യഫെഡ് എം.ഡിയുടെ ആവശ്യത്തിൻമേൽ നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ